നിരീക്ഷണം

# മതം അപകടത്തിൽ

## ഡേവിസ് വളർക്കാവ്

മതത്തെ മതേതരപക്ഷത്തുനിന്ന് വിമർശിക്കുന്നത് ധാരാളം കാണാവുന്നതാണ്. എന്നാൽ മതത്തെ മതപക്ഷത്തുനിന്ന് വിലയിരുത്താനാണിവിടെ ശ്രമിക്കുന്നത്. മതം പ്രധാനമായും മൂന്നുതരമാണ്. ഒന്ന്: നാം കണ്ടും കേട്ടും പാരമ്പര്യമായി പിന്തുടർന്നും സംഘം ചേർന്നും നെഞ്ചേറ്റിയും, രേഖപ്പെടുത്തിയും പരിചയപ്പെട്ട മതം. സംഘടനാ-പൗരോഹിത്യമതം. രണ്ട്: സ്വയം വിചിന്തനം ചെയ്ത്, വിവേകത്തോടെ സ്വീകരിക്കുന്ന മതം. മൂന്ന്: അവനവന്റെ ഉള്ളിന്റെ ഉള്ളിനെ കണ്ടെത്താൻ വിശ്വരഹസ്യ വിസ്മയങ്ങളെ ആസ്വദിക്കാൻ സഹായിക്കുന്ന മതം. അനുഭൂതിപരമായത്. ആദർശാത്മകമതം.

ഇത്യാദി പ്രധാന മതങ്ങൾ നിലനിൽക്കുകയും സ്വാധീനിക്കുകയും ചെയ്യുന്ന സമൂഹമാണ് ഇന്നും നമ്മുടേത്. പ്രവാചകന്മാരിലൂടെ, ഋഷിമാരിലൂടെ, പുണ്യാത്മാക്കളിലൂടെ, മിസ്റ്റിക്കുകളിലൂടെ, ഗുരുക്കന്മാരിലൂടെ, സാധുക്കളിലൂടെ, സിദ്ധന്മാരിലൂടെ, ഹിമാലയൻ യോഗികളിലൂടെ, ഭിക്ഷുക്കളിലൂടെ, തീർത്ഥങ്കരന്മാരിലൂടെ തലമുറകളായി കൈമാറിവരുന്ന ആദർശാത്മക മതത്തെ കാണാനും ഉയർത്തിപ്പിടിക്കാനുമുള്ള ശ്രമങ്ങളാണ് ഇന്ന് ആവശ്യമായിരിക്കുന്നത്.

ധാർമ്മികതയിലധിഷ്ഠിതമായ മതത്തെ, പ്രകൃതിയോട് ആദരവുള്ള മതത്തെ കണ്ടെത്തുകയും, വ്യാഖ്യാനിക്കുകയും, സമകാലികമാക്കുകയും, ജീവിതഗന്ധിയാക്കുകയും ചെയ്യേണ്ടത് വിവേകികളുടെ കടമയാണ്. ഈ ചരിത്രപരമായ കടമ ഏറ്റെടുക്കലാണ് ഉൽപത്തിഷ്ണുത്വത്തിന്റെ ലക്ഷണങ്ങളിലൊന്ന്. വിശ്വാസമതത്തെ മുൻനിർത്തിയാണ് ഏകപക്ഷീയമായ വിമർശനങ്ങൾ ഏറെയും. വിശ്വാസമതം സ്വീകരിക്കുന്ന വ്യക്തിയും അതാണ് യഥാർത്ഥ മതമെന്ന് കരുതി നിഷേധിക്കുന്ന വ്യക്തിയും, രണ്ടുപേരും മതം എന്തെന്ന് - സാരം എന്തെന്ന് അറിയാത്തവരാണ്. അതിന്റെ അനുഭൂതിനുകരാൻ അവസരം ലഭിക്കാത്തവരാണ്. അതിലേക്ക് ഉണരാൻ വിമുഖത കാട്ടുന്നവരാണ്. വിശ്വാസം മതാനുഭവത്തിന് പകരമല്ല. അതുപോലെ കേവല നിരാസം സത്യസന്ധവുമല്ല.

അനുഷ്ഠാന മതത്തെ, ഗ്രന്ഥമതത്തെ, വിശ്വാസമതത്തെ മറ്റുമതസ്ഥരോട് വിരോധിക്കുന്ന മതത്തെ, വിജ്ഞാനത്തെ തടയുന്ന മതത്തെ തള്ളിപ്പറയാവുന്നതാണ്, അതെത്ര സംഘബലമുള്ളതാണെങ്കിലും. അങ്ങനെ ചെയ്യുമ്പോൾ മറ്റു രണ്ടു മതത്തോടും കുറേക്കൂടി ഉദാരമാകേണ്ടതുണ്ട്. മതത്തെ പറ്റിയൊരു ത്യാജ്യ-ഗ്രാഹ്യ വിവേചനം മതാനുഭാവികളിലും മതരഹിതരിലും ഉണ്ടാകേണ്ടതുണ്ട്. അല്ലെങ്കിൽ മത വിദ്വേഷത്തിലേക്കും അതുപോലെ മതസാരം ഗ്രഹിക്കാനാകാത്ത വിധത്തിലേക്കും വ്യക്തികൾ വലിച്ചെറിയപ്പെടാനിടയുണ്ട്. മതാനുസാരികൾ ആത്മീയതയെ നിഷേധിക്കുന്നത് അറിഞ്ഞുകൊണ്ടല്ല, പൗരോഹിത്യം കള്ളികളിലൊതുക്കി കൺകെട്ടി നടത്തിയതിനാലാണ്. പിന്നെ, രാഷ്ട്രീയഗൂഢലക്ഷ്യങ്ങളും. മതരഹിതർ മതം ഉപേക്ഷിക്കുന്നത് സംഘമതത്തെ മാത്രം കണ്ടുകൊണ്ടാണ്. അവരും ശുദ്ധമതത്തെ അറിയാത്തവരാണ്.

മതം പ്രധാനമായും ആത്മീയമാണ്. ആത്മീയതയാണിതിന്റെ സത്ത. ഇലയും ചാറുംപോലെ, പഴവും തൊലിയും പോലെ, വിത്തും തോടും പോലെ സത്ത നഷ്ടപ്പെട്ടതിനാലാണ് മതം അപകടത്തിൽ എന്നെഴുതിയത്. ആത്മീയതയുടെ സമദൃഷ്ടി, വിശ്വതോന്മുഖത്വം, കരുണ, പ്രകൃതിയോടുള്ള ആദരം, ഉച്ചനീചത്വമില്ലായ്മ, സർവ്വഭൂതദയ, ശാന്തിക്കായുള്ള ദാഹം, അഹിംസാത്മകത, ജ്ഞാനതൃഷ്ണ ഇത്യാദി ആത്മീയ ഗുണങ്ങൾ സംഘമതത്തിനില്ല. ശുദ്ധമതത്തിനേ-ആത്മീയതക്കേ ഉള്ളൂ. ഇത് തിരിച്ചറിയുന്നത് മതത്തെ മനസ്സിലാക്കുന്നതിനും, മൂല്യത്തെ അളക്കുന്നതിനും സഹായിക്കും. ഇത്തരം മഹത്വങ്ങൾ ഇല്ലാതെ മതം ആത്മീയതയുടെ വേഷമണിഞ്ഞ് നടിക്കുന്നത് ഏറിവരികയാണ്. ആത്മീയ വ്യാപാരം തഴക്കുകയാണ്. അതിനാലാണ് മതം അപകടത്തിൽ എന്ന് വിലപിക്കേണ്ടിവരുന്നത്. ധർമ്മസങ്കടങ്ങൾ പങ്കുവെക്കേണ്ടിവരുന്നത്.

ഓരോ വ്യക്തിയുടേയും ഉള്ളിന്റെ ഉള്ളിനെ ആന്തരാന്വേഷണത്തെ, സത്യത്തെ, ഉണ്മയെ, സത്തയെ പൊരുളിനെ, സത്വത്തെ കണ്ടെത്താൻ സഹായിക്കുന്നതെന്തോ അതാണ് മതാത്മകത അഥവാ ആത്മീയത അഥവാ ആദ്ധ്യാത്മികത. അപ്പോൾ മതനിഷേധിയും ഇതര മതവിദ്വേഷിയും ഈ ആദർശാത്മക മതത്തിനു പുറത്താണ് വസിക്കുന്നത് എന്നുകാണാം. അപ്പോൾ സംഭവിക്കുന്നത്, നരജന്മം വർഗ്ഗീയതയുടേയും ഹിംസയുടേയും ലൗകിക ആസക്തികളുടേയും ചതുപ്പുകളിൽ വന്നുപെടുന്നതാണ്. പൗരോഹിത്യ മതം ചെയ്ത അക്ഷന്ത്യവ്യമായ അപരാധങ്ങളിലൊന്ന് നരനിൽനിന്ന് നാരായണനിലേക്കുള്ള മനുഷ്യാത്മക്കളുടെ മഹാപരിക്രമത്തെ കാലങ്ങളായി തടഞ്ഞുകൊണ്ടിരിക്കുന്നു എന്നതാണ്. ആത്മീയതയിലേക്കുള്ള ഒരു കാലത്തെ പ്രവേശന കവാടമായിരുന്ന മതമാണ് ഈ നിലയിലെത്തിത്.

മതത്തിന്റെ ആദിമ വിശുദ്ധിയിലേക്ക്, ഉറവിടങ്ങളിലേക്കുള്ള തിരിഞ്ഞുനോട്ടം തന്നെയാണ് മതാഭാസത്തിനും, മതഭ്രാന്തിനും, മതനിഷേധത്തിനുമുള്ള പ്രതിവിധി. മനുഷ്യരാശിയുടെ വലിയൊരു സാദ്ധ്യതയായിരുന്നു മതം. അത് പൗരോഹിത്യം അനുഷ്ഠാനത്തിലും വിശ്വാസത്തിലും ഗ്രന്ഥത്തിലും തളച്ചിട്ടു. ഭയപ്പെടുത്തിയും വാഗ്ദാനം നൽകിയും പൊള്ളയാക്കി. പ്രപഞ്ച മഹാ രഹസ്യങ്ങളോട്, നമ്മുടെ ഉള്ളിലെ ആന്തര ചൈതന്യത്തോട് സംവദിക്കാനും, മനുഷ്യകുലത്തിൽ പിറക്കാനുള്ള മഹാഭാഗ്യത്തോട് കൃതജ്ഞതാ നിർഭരരാകാനും, ജീവകുലത്തിലെ സഹജീവികളായ മിണ്ടാപ്രാണികളുടെ സംരക്ഷകരാകാനും മനുഷ്യരാശിക്ക് ലഭിച്ച അപൂർവ്വമായ അവസരം വ്യാജമതം നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കയാണ്.

പ്രത്യാശക്ക് സാദ്ധ്യതയേറെയാണ്. ക്രൈസ്തവ വിമോചന ധർമ്മവാദവും, സൂഫിസവും, ഗുരുപരമ്പരകളും, ഭിക്ഷുക്കളും, യോഗികളും, അഹിംസ സന്ദേശ വാഹകരും, പ്രകൃത്യോപാസകരും, മതവൽക്കരിക്കപ്പെടാതെ ഒട്ടേറെ ജനതതിയും, സമാധാന കാംക്ഷികളായ മനുഷ്യരും, നാഗരികവൽക്കരിക്കപ്പെടാത്ത മഹത്തായ ഗോത്രസംസ്കൃതിയും ഈ ലോകത്തുള്ളത് വലിയ സാദ്ധ്യതയാണ്. മതാതീത ആത്മീയതയുടെ പ്രവിശാലമായ മഹാസാന്നിദ്ധ്യത്തിൽ നമുക്കും പങ്കുചേരാൻ മനസ്സൊരുക്കാം. ഇത്തരം ആത്മീയ മഹത്വമാണ് ലോകത്തിന് ആവശ്യമായത്. ഓംശാന്തി ശാന്തി ശാന്തി.■